**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3657   15.05.2017 - ൽ മറുപടിക്ക്**

# കണ്ണനാട്ട് - വെല്ലിംഗ്ടൺ ഐലന്റ് പാലം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ് :** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) എറണാകുളം ജില്ലയിലെ കണ്ണനാട്ട്-വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 5-10-2016 തീയതിയിൽ വിളിച്ചു ചേർത്ത യോഗത്തിൽ പാലത്തിന്റെ അലൈൻമെന്റ് മാറ്റിയതു സംബന്ധിച്ച് വിശദീകരണം നൽകുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടും പ്രസ്തുത വിശദീകരണം സമർപ്പിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;<br><br>(ബി) വിശദീകരണം എന്നത്തേക്ക് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) എറണാകുളം ജില്ലയിലെ കണ്ണങ്കാട്ട്-വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ (ശരിയായ പേര്) നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 5-10-2016 - ൽ വിളിച്ചു ചേർത്ത യോഗത്തിൽ അലൈൻമെന്റ് മാറ്റിയതു സംബന്ധിച്ച നടപടി കുറിപ്പ് 31.10.2016 - ൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചുവെങ്കിലും അലൈൻമെന്റ് മാറ്റുന്നതിനുള്ള വിശദീകരണം സംബന്ധിച്ച് സർക്കിൾ ഓഫീസിൽ മതിയായ രേഖകൾ ലഭ്യമല്ലാത്തതിനാൽ, അലൈൻമെന്റ് മാറ്റുന്ന കാലയളവിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഉണ്ടായി. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ഉടൻ ലഭ്യമാക്കുന്നതാണ്. |

S. Binish
**സെക്ഷൻ ഓഫീസർ**